# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1345 07.06.2018 -ൽ മറുപടിക്ക്**

## പൊതുവിദ്യാഭ്യാസ യജ്ഞം

ചോദ്യം

ഉത്തരം

ശ്രീ.കെ.എസ്.ശബരീനാഥൻ

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) വിദ്യാഭ്യാസ യജ്ഞം നടപ്പിലാക്കുകവഴി ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളായി മാറ്റി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ; | എ) ഉണ്ട് . ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസ്സിലേയ്ക്കും ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫങ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ലഭ്യമാക്കുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കും എത്തിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലൂടെ കുട്ടികൾക്കും അദ്ധ്യാപകർക്കും ഡിജിറ്റൽ പഠന വിഭവങ്ങളും ഇന്റർനെറ്റ് സാധ്യതകളും പ്രയോജനപ്പെടുത്തി പഠന-ബോധന പ്രക്രിയ ലളിതവും ആസ്വാദ്യകരവുമാക്കുന്നതിന് സഹായകമായിട്ടുണ്ട്. |
| ബി) ഈ വർഷം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ഈ പദ്ധതി നടപ്പിലാക്കിയത് മൂലം കഴിഞ്ഞിട്ടുണ്ടോ; | ബി) ഉണ്ട് |

| | | | |
|---|---|---|---|
| സി) | ഈ യജ്ഞത്തിന്റെ ഭാഗമായി അക്കാഡമിക് രംഗത്ത് നടപ്പിലാക്കിയ മാറ്റങ്ങൾ എന്താക്കെയാണ് ; അദ്ധ്യാപകർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് ഇതിന്റെ ഭാഗമായി നൽകിയതെന്ന് അറിയിക്കമോ; | സി) | ഡിജിറ്റൽ വിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന - ബോധന പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻററി അദ്ധ്യാപകർക്കും അവരവരുടെ വിഷയത്തിൽ നാല് ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 'സമഗ്ര' വിഭവ പോർട്ടലിന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സ്കൂളിന്റെയും സമഗ്ര വികസനത്തിനായി ജനപങ്കാളിത്തത്തോടുകൂടിയ മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മോണിറ്ററിംഗ് ശക്തമാക്കിയും, മൂല്യനിർണ്ണയം കുറ്റമറ്റതാക്കിയും പഠനം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.എ, ആർ.എം.എസ്.എ യുടെ നേതൃത്വത്തിൽ ഒന്നു മുതൽ പത്താം തരംവരെ . എല്ലാ അദ്ധ്യാപകർക്കും വിഷയാടിസ്ഥാനത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്. |
| ഡി) | ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രാധാന്യം നൽകുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും ജില്ലാ തല ഇംഗ്ലീഷ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കമോ? | ഡി) | ഉണ്ട്, എല്ലാ ജില്ലകളിലും ഡയറ്റ് കേന്ദ്രീകരിച്ച് ജില്ലാതല ഇംഗ്ലീഷ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ